| പതിനാലാം കേരള നിയമസഭ | | |
|---|---|---|
| ഒന്നാം സമ്മേളനം | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1488 | | 13.07.2016 -ൽ മറുപടിയ്ക്ക് |
| ജുവനൈൽ ജസ്റ്റിസ് നിയമം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ കേന്ദ്ര സർക്കാർ ചില കാതലായ മാറ്റങ്ങൾ വരുത്തിയ സാഹചര്യം ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | കുട്ടിക്കുറ്റവാളികളെ വിലങ്ങുവയ്ക്കാനോ ജയിലിലിലടയ്ക്കാനോ പാടില്ലെന്ന് നിയമത്തിൽ പുതുതായി വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ; | ഉണ്ട്, കുട്ടികുറ്റവാളികളെ (അങ്ങനെ ഒരു വാക്ക് ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ ഇല്ല. നിയമവുമായി പൊരുത്തപെടാത്ത, അല്ലെങ്കിൽ നിയമത്തിനു വിധേയമാവാത്ത കുട്ടികൾ എന്നാണ് ആക്ടിൽ പറയുന്നത്) വിലങ്ങു വയ്ക്കുവാനോ ജയിലിൽ അടയ്ക്കുവാനോ പാടില്ലെന്ന് ജുവനൈൽ ജസ്റ്റിസ് നിയമം -2015 സെക്ഷൻ 10(1) ൽ വ്യക്തമാക്കുന്നുണ്ട്. |
| (സി) | അവർക്ക് വൈദ്യ, നിയമ സഹായങ്ങൾ ഉറപ്പുവരുത്തണമെന്നും രക്ഷിതാക്കളെ വിവരമറിയിക്കണമെന്നും നിയമത്തിൽ പരാമർശമുണ്ടോ; വിശദമാക്കുമോ; | ജെ.ജെ ആക്ട് 2015 സെക്ഷൻ 13(1)(i) പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത ഒരു കുട്ടിയെ പോലീസ് സ്റ്റേഷനിലെ ചൈൽഡ് വെൽഫയർ പോലീസ് ഓഫീസർക്ക് മുൻപിലോ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലോ ഹാജരാക്കിയാൽ ആ വിവരം കുട്ടിയുടെ രക്ഷിതാക്കളെ അറിയിക്കേണ്ടതുണ്ട്. ജെ.ജെ. ആക്ട് സെക്ഷൻ 92 പ്രകാരം ഇത്തരം കുട്ടികൾക്ക് വൈദ്യസഹായം ഉറപ്പുവരുത്തണമെന്നും സെക്ഷൻ 13, 14 ൽ കുട്ടിയ്ക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ഡി) | കുട്ടിക്കുറ്റവാളികളെ പുനരധിവസിപ്പിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും ഓരോ കേന്ദ്രങ്ങൾ വീതമെങ്കിലും ആരംഭിക്കണമെന്ന് നിയമത്തിൽ | ഉണ്ട്. ജെ.ജെ. ആക്ട് സെക്ഷൻ 47 പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുന:രധിവാസം ഉറപ്പാക്കുന്നതിനായി ഒരു ജില്ലയ്ക്ക് ഒരു |

| | | |
|---|---|---|
| | നിർദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഒബ്സർവേഷൻ ഹോം, അല്ലെങ്കിൽ ഒന്നിലധികം ജില്ലകൾക്കായി ഒരു ഒബ്സർവേഷൻ ഹോമെങ്കിലും സ്ഥാപിക്കണമെന്ന് നിയമത്തിൽ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ